LIBRARY ARCHIVES Kerala Legislative Assembly

അടച്ചുപൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് സമാശ്വാസം

68 [3076] ശ്രീ. കെ. പി. രാജേന്ദ്രൻ:

" എം. കുമാരൻ:

" എൻ. രാജൻ:

" മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടച്ചുപൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് സമാശ്വാസമായി പ്രതിമാസം നിശ്ചിത സംഖ്യ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ താൽക്കാലികമായി ഏറ്റെടുക്കാനും തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) തൊഴിലാളികളുടേതല്ലാത്ത കാരണങ്ങൾകൊണ്ട് വ്യവസായ തൊഴിൽ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയാൽ തൊഴിലാളികളുടെ തൊഴിലും കൂലിയും നിലനിർത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്?

ഉത്തരം

(എ) ഭീമമായ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്നതിനാൽ പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് പ്രതിമാസം ഒരു നിശ്ചിത സംഖ്യ നൽകുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

(ബി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ ഏറ്റെടുക്കുവാൻ സംസ്ഥാന സർക്കാരിന് നിയമപരമായി അധികാരമില്ല. എന്നാൽ ഇവ തുറന്നു പ്രവർത്തിക്കുന്നതിനുവേണ്ടി തോട്ടമുടമകളുമായും തൊഴിലാളി പ്രതിനിധികളുമായും സർക്കാർ ചർച്ചകൾ നടത്തിവരുന്നു.

(സി) കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണമാണ് മിക്ക തൊഴിൽ സ്ഥാപനങ്ങളും തോട്ടങ്ങളും അടച്ചുപൂട്ടുന്നത്. ഇങ്ങനെ തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളുടെ തൊഴിലും കൂലിയും നിലനിർത്തുന്നതിന് ഈ സ്ഥാപനങ്ങൾ വീണ്ടും തുറന്നു പ്രവർത്തിച്ചാൽ മാത്രമേ കഴിയുകയുള്ളൂ. എന്നാൽ ഇതുമൂലം ദുരിതമനുഭവിക്കുന്ന തൊഴിലാളികൾക്ക് ഓണക്കാലത്ത് സാമ്പത്തിക സഹായവും, തോട്ടം മേഖലയിൽ സൗജന്യ റേഷനും മറ്റ് സമാശ്വാസ സഹായങ്ങളും നൽകിവരുന്നുണ്ട്. കൂടാതെ കുടുംബശ്രീയുടേയും പഞ്ചായത്തുകളുടേയും സഹകരണത്തോടെ തൊഴിൽദാന പദ്ധതിക്ക് രൂപം നൽകുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.